പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5950 — 30.07.2015 ൽ മറുപടിയ്ക്ക്

## യുവവനിതാശാക്തീകരണത്തിന് ശിൽപശാല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവവനിതാശാക്തീകരണത്തിന് ശിൽപശാല സംഘടിപ്പിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) യുവ വനിതാ ശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ യുവതികളുടെ ജീവിത നിലവാരവും സാമൂഹ്യ പദവിയും ഉയർത്തുന്നതിനും അവരിൽ സാമൂഹ്യ അവബോധം വളർത്തി സാമൂഹ്യ വിഷയങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് യുവജന ക്ഷേമ ബോർഡ് വനിതാ ശിൽപശാല സംഘടിപ്പിക്കുന്നത്. |
| സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 28, 29 തീയതികളിൽ മലപ്പുറം ജില്ലയിൽവെച്ച് 'പടവുകൾ' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപശാല സംഘടിപ്പിച്ചു. 2013 ഫെബ്രുവരി 1,2,3 തീയതികളിൽ എറണാകുളം ജില്ലയിൽ വച്ച് 'അപരാജിത' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപശാല., 2015 മാർച്ച് 20, 21, 22 തീയതികളിൽ കോഴിക്കോട് ജില്ലയിൽ വച്ച് 'അപരാജിത' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപശാല , യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജില്ലാ യുവജന കേന്ദ്രങ്ങൾ മുഖേന എല്ലാ ജില്ലകളിലും ഏകദിന വനിതാ ശിൽപശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ